പുന്നപ്ര ഗവ. ജെ.ബി സ്കൂൾ
Govt. JBS
Punnapra.P.O, Alappuzha.

മാധ്യമം


2020 | ഒക്ടോബർ 23 | വെള്ളി

പുന്നപ്ര ഗവ. ജെ.ബി സ്കൂൾ കെട്ടിട നിർമാണോദ്ഘാടന സപ്ലിമെൻറ്

## പൊതുവിദ്യാലയങ്ങളിൽ മാറ്റത്തിൻെറ പ്രകാശം

# മുമ്പേ സഞ്ചരിച്ച് അമ്പലപ്പുഴ

**പുന്നപ്ര ഗവ. ജെ.ബി സ്കൂളിൽ മന്ത്രി ജി.സുധാകരൻ എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽനിന്ന് ഒരു കോടി ചെലവിൽ ഇരുനിലയിലായി നിർമിക്കുന്ന ആറു ക്ലാസ് മുറികളുള്ള കെട്ടിടത്തിൻെറ നിർമാണോദ്ഘാടനം ഇന്ന്**



ജി. സുധാകരൻ
*പൊതുമരാമത്ത്-രജിസ്ട്രേഷൻ മന്ത്രി*

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഇന്ന് പ്രതീക്ഷാനിർഭരമായ മാറ്റത്തിൻെറ പ്രകാശം പരന്നിരിക്കുകയാണ്. സർക്കാറിൻെറ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം അഞ്ചുവർഷംകൊണ്ടുതന്നെ ഫലപ്രാപ്തിയിൽ എത്തിയിരിക്കുന്നു. കോവിഡ് പ്രതിസന്ധിയുടെ കാലത്തുപോലും ഇത് പ്രകടമാണ്. വിദ്യാലയങ്ങൾ അടഞ്ഞുകിടക്കുമ്പോഴും ഓൺലൈൻ പഠന സംവിധാനം അതിൻെറ മികവും കാര്യക്ഷമതയുംകൊണ്ട് ലോകത്തിനുതന്നെ മാതൃകയാവുന്നു. പൊതു വിദ്യാലയങ്ങൾ പൂർണമായും ഹൈടെക്കായി മാറിയെന്ന ഖ്യാതി കേരളത്തിനുമാത്രം സ്വന്തം.

അമ്പലപ്പുഴ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ, പ്രഫഷനൽ വിദ്യാഭ്യാസ രംഗങ്ങളിൽ ദിശാസൂചകങ്ങളായ മുന്നേറ്റങ്ങൾ ഏറെക്കാലം മുമ്പേ വന്നുതുടങ്ങിയിരുന്നു. അമ്പലപ്പുഴ എം.എൽ.എയും പൊതുമരാമത്ത്-രജിസ്ട്രേഷൻ മന്ത്രിയുമായ ജി. സുധാകരൻെറ ഇച്ഛാശക്തിയോടെയുള്ള പ്രവർത്തനങ്ങളും പിന്തുണയുമാണ് ഈ മാറ്റത്തിൻെറ ആധാരശിലകൾ. പൊതുവിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് അദ്ദേഹം നൽകുന്ന പിന്തുണ ആത്യന്തികമായി വിദ്യാഭ്യാസത്തിൻെറ ഗുണമേന്മ വർധിപ്പിച്ചു. നമ്മുടെ വിദ്യാലയംതന്നെ അതിന് ഉദാഹരണമാണ്. മികച്ച വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് എസ്.സി.ഇ.ആർ.ടിയുടെ അംഗീകാരം നേടാനും എൽ.എസ്.എസ് സ്കോളർഷിപ് പരീക്ഷയിൽ മികച്ച വിജയം നേടാനും സ്കൂളിന് സാധിച്ചു.

ആലപ്പുഴ വിദ്യാഭ്യാസ ഉപജില്ലയിൽ പ്രൈമറിയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന വിദ്യാലയമാണ് പുന്നപ്ര ഗവ. ജെ.ബി സ്കൂൾ. എന്നാൽ, ഇതിനനുസരിച്ച് ഭൗതിക സാഹചര്യങ്ങൾ വർധിക്കാത്തത് വളരെ പ്രയാസത്തിലാക്കിയിരുന്നു. ഇതിന് പരിഹാരമായി മന്ത്രി ജി. സുധാകരൻ എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽനിന്ന് കെട്ടിട നിർമാണത്തിന് ഒരുകോടി അനുവദിക്കുകയുണ്ടായി. ഇരുനിലയിലായി ആറ് ക്ലാസ് മുറികളാണ് ഈ ഫണ്ട് ഉപയോഗിച്ച് നിർമിക്കുന്നത്. കെട്ടിടത്തിൻെറ നിർമാണോദ്ഘാടനം വെള്ളിയാഴ്ച വൈകീട്ട് 3.30ന് മന്ത്രി ജി.സുധാകരൻ നിർവഹിക്കുകയാണ്.

ജില്ല പഞ്ചായത്ത് പ്രസിഡൻറ് ജി.വേണുഗോപാൽ ചടങ്ങിൽ അധ്യക്ഷത വഹിക്കും. കോവിഡ് പ്രോട്ടോകോൾ പാലിച്ച് നടക്കുന്ന പരിപാടി സ്കൂൾ ഫേസ് ബുക്ക് പേജ് വഴി തത്സമയം കാണാം.





## കാര്യപരിപാടി

സ്വാഗതം: ടി. പ്രശാന്ത്കുമാർ
(ചെയർമാൻ, സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി)

അധ്യക്ഷൻ:
**ജി. വേണുഗോപാൽ**
(പ്രസിഡൻറ്, ആലപ്പുഴ ജില്ല പഞ്ചായത്ത്)

നിർമാണോദ്ഘാടനം
**ജി. സുധാകരൻ**
(പൊതുമരാമത്ത്-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)

റിപ്പോർട്ട് : **വി.ഐ. നസീം**
(എക്സിക്യൂട്ടിവ് എൻജിനീയർ,
പി.ഡബ്ല്യു.ഡി ബിൽഡിങ്സ്, ആലപ്പുഴ ഡിവിഷൻ)


**ആശംസകൾ:**
കെ.എം. ജുനൈദ്
(പ്രസിഡൻറ്, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്)
സുധർമ ഭുവനചന്ദ്രൻ
(പ്രസിഡൻറ്, പുന്നപ്ര തെക്ക് പഞ്ചായത്ത്)
ഗീതാ ബാബു (ചെയർപേഴ്സൻ,
വിദ്യാഭ്യാസ സ്ഥിരം സമിതി, ബ്ലോക്ക് പഞ്ചായത്ത്)
കെ.കെ. ലത (ചെയർപേഴ്സൻ,
വിദ്യാഭ്യാസ സ്ഥിരം സമിതി, ഗ്രാമ പഞ്ചായത്ത്)
എം.ഷീജ (ഗ്രാമപഞ്ചായത്ത് അംഗം)
കെ.മധുസൂദനൻ (എ.ഇ.ഒ)
നന്ദി: എം.എം. അഹമ്മദ് കബീർ (ഹെഡ്മാസ്റ്റർ)



ജി. വേണുഗോപാൽ



കെ.എം. ജുനൈദ്



സുധർമ്മ ഭുവനചന്ദ്രൻ



ഗീതാ ബാബു



കെ.കെ. ലത



എം .ഷീജ



കെ. മധുസൂദനൻ



എം.എം. അഹമ്മദ് കബീർ



വി.ഐ നസീം



ടി. പ്രശാന്ത്കുമാർ

SUNSHINE
MEDICAL CARE

പുന്നപ്ര പോലീസ് സ്റ്റേഷന് എതിർവശം,പുന്നപ്ര പി.ഒ,ആലപ്പുഴ 688 004
Ph: 0477 2287200,7593806307

കോവിഡ് മാഹാമാരിക്കാലത്ത് ആതുര സേവനം മാത്രം ലക്ഷ്യമിട്ട്
വിദഗ്ധ ഡോക്ടർമാരുടെ സേവനത്തിൽ
മെച്ചപ്പെട്ട ചികിത്സകൾ മിതമായ നിരക്കിൽ നൽകുവാൻ
സൺഷൈൻ മെഡിക്കൽ കെയർ പ്രവർത്തനമാരംഭിച്ചിരിക്കുന്നു.

ഇതോടൊപ്പം പ്രവർത്തിക്കുന്ന
സൺഷൈൻ സ്പെഷ്യാലിറ്റി ലാബിൽ
എല്ലാ ടെസ്റ്റുകളും കൃത്യമായും മിതമായ നിരക്കിലും ചെയ്തു കൊടുക്കുന്നു.
ലാബ് ഹോം കളക്ഷൻ മെഡിസിൻ ഹോം ഡെലിവറി
എന്നിവ ഉണ്ടായിരിക്കുന്നതാണ്.
Ph: 0477 2287200,7593806307
രാവിലെ 6 മണിമുതൽ



പുന്നപ്ര ഗവ. ജെ.ബി സ്കൂൾ
Govt. JBS
Punnapra.P.O, Alappuzha.

കെട്ടിട നിർമാണോദ്ഘാടന സപ്ലിമെൻറ്



# സ്വാഭിമാനം...

● ആലപ്പുഴ ഉപജില്ലയിൽ ഏറ്റവുമധികം വിദ്യാർഥികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ കുട്ടികൾ വർധിക്കുന്നതിന് അനുസരിച്ചുള്ള ക്ലാസ് മുറികളുടെ കുറവുണ്ടായിരുന്നു. ഇതിന് പരിഹാരമായി അമ്പലപ്പുഴയുടെ എം.എൽ.എയും പൊതുമരാമത്ത് രജിസ്ട്രേഷൻ മന്ത്രിയുമായ ജി.സുധാകരൻ, എം.എൽ.എയുടെ ആസ്തി വികസനഫണ്ടിൽനിന്ന് കെട്ടിട നിർമാണത്തിന് ഒരു കോടി രൂപ അനുവദിക്കുകയും ഈ നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയുമാണ്.





**എം.എം. അഹമ്മദ് കബീർ**
*ഹെഡ്മാസ്റ്റർ*

**ഒറ്റ** രാത്രിയിലുദിച്ചുയർന്നുവന്ന സമ്പൂർണ സുന്ദരവിദ്യാലയമല്ല ഗവ.ജെ.ബി.എസ്. 113 വർഷത്തിൻെറ ഉയർച്ച താഴ്ചകളിലൂടെ നീണ്ട ചരിത്രം വിദ്യാലയത്തിനുണ്ട്. മണലിനും തണലിനും പോലും അനേകരോടു കടപ്പെട്ടു മാത്രമേ പുന്നപ്ര ഗവ.ജൂനിയർ ബേസിക് സ്കൂളിന് ഇനിയും അക്ഷരവെളിച്ചമായി നിലനിൽക്കാൻ സാധിക്കൂ. മികച്ച പഠന പ്രവർത്തനങ്ങൾക്കുള്ള എസ്.സി.ആർ.ടിയുടെ സംസ്ഥാനതല അഗീകാരത്തിൻെറ നിറവിലാണ് ഇന്ന് ഈ വിദ്യാലയം. 2020 മാർച്ചിൽ വിദ്യാഭ്യാസ മന്ത്രി പ്രഫ.സി.രവീന്ദ്രനാഥാണ് ഈ പുരസ്കാരം സമ്മാനിച്ചത്.

തരിശുഭൂമിയിൽനിന്ന് ഓലമെടഞ്ഞ ക്ലാസ്മുറിയിലേക്കും, അവിടെനിന്ന് ഓടിട്ട മേൽക്കൂരയിലേക്കും, കോൺക്രീറ്റും , ടൈൽസും പാകിയ നിലവും സ്മാർട്ട് ക്ലാസ് റൂമുകളുമുള്ള നൂതന വിദ്യാലയത്തിലേക്കുള്ള വളർച്ച സാവധാനത്തിലും സ്ഥിരതയിലൂന്നിയുമായിരുന്നു. അതുകൊണ്ട് തന്നെ ക്ഷണികമല്ല ഇതിൻെറ നിലനിൽപ്.

അനേകായിരം കുഞ്ഞുങ്ങൾക്ക് ജീവിത അടിത്തറ പാകാനും, മൂല്യങ്ങളുടെ പാഠങ്ങൾ പകരാനും അറിവിൻെറ ആദ്യക്ഷരങ്ങൾ കുറിക്കാനും കഴിഞ്ഞു. മികച്ച അധ്യാപകനിരയുടെയും അവർക്കൊപ്പം ചേർന്നു പ്രവർത്തിക്കുകയും നേതൃത്വം നൽകുകയും ചെയ്യുന്ന സ്കൂൾ മാനേജ്മെൻറ് കമ്മിറ്റിയുടെയും രക്ഷിതാക്കളുടെയും ശക്തമായ ഐക്യബോധത്തിൻെറ തണലിലാണ് ഈ വിദ്യാലയം മികച്ച അക്കാദമിക നേട്ടങ്ങൾ കൈവരിച്ചിരിക്കുന്നത്. ജനപ്രതിനിധികളുടെ പിന്തുണയോടെ മികച്ച ഭൗതിക സൗകര്യങ്ങളും നേടാൻ കഴിഞ്ഞിരിക്കുന്നു. പൂർവ വിദ്യാർഥികളുടെയും അഭ്യുദയ കാംഷികളുടെയും മികച്ച പിന്തുണയുണ്ട്. ആലപ്പുഴ ഉപജില്ലയിൽ ഏറ്റവുമധികം വിദ്യാർഥികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ കുട്ടികൾ വർധിക്കുന്നതിന് അനുസരിച്ചുള്ള ക്ലാസ് മുറികളുടെ കുറവുണ്ടായിരുന്നു. ഇതിന് പരിഹാരമായി അമ്പലപ്പുഴയുടെ എം.എൽ.എയും പൊതുമരാമത്ത് രജിസ്ട്രേഷൻ മന്ത്രിയുമായ ജി.സുധാകരൻ, എം.എൽ.എയുടെ ആസ്തി വികസനഫണ്ടിൽനിന്ന് കെട്ടിട നിർമാണത്തിന് ഒരു കോടി രൂപ അനുവദിക്കുകയും ഈ നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയുമാണ്.

അക്കാദമിക രംഗത്ത് സ്കൂളിൻെറ മികവുകൾക്കുള്ള പൊതുസമൂഹത്തിൻെറ അംഗീകാരമാണ് ഈ വിദ്യാലയത്തിലെ മികച്ച അഡ്മിഷൻ നടപടികൾ. ആലപ്പുഴ ഉപജില്ലയിൽ സർക്കാർ പ്രൈമറി വിദ്യാലയത്തിൽ ഏറ്റവുമധികം കുട്ടികൾ പ്രവേശനം നേടാനെത്തുന്നത് ഇവിടെയാണ്. ക്ലാസ് മുറിയിലെ നിരന്തര മൂല്യനിർണയത്തിൻെറ അടിസ്ഥാനത്തിൽ പഠനത്തിൽ പിന്നാക്കാവസ്ഥയിലുള്ള കുഞ്ഞുങ്ങൾക്ക് പരിഹാര ബോധനം നടത്തിവരുന്നു. അങ്ങനെ നാലാം ക്ലാസിൽനിന്ന് ഉപരിപഠനത്തിനായി പോകുന്ന മുഴുവൻ കുട്ടികളും എഴുത്തും വായനയും വശമുള്ളവരാണ് ഉറപ്പുവരുത്തുന്നു. എൽ.എസ്.എസ് പരീക്ഷക്ക് അധ്യാപകരുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾക്ക് മികച്ച ഫലമാണുണ്ടായത്. 2019-20 ൽ ആറ് കുട്ടികൾക്ക് സ്കോളർഷിപ് നേടാനും ഉപജില്ലയിൽ ഒന്നാമതെത്താനും കഴിഞ്ഞു. പ്രവർത്തി ദിവസങ്ങളിലെല്ലാം കൃത്യമായി അസംബ്ലി കൂടുന്നുണ്ട്. എൽ.കെ.ജി. മുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികളെയും ഇതിനായി തയാറാക്കുന്നു. ബുധനാഴ്ചകളിൽ ഭാഷാപഠനത്തിനായി പ്രത്യേകമായി ഇംഗ്ലീഷ് അസംബ്ലിയാണ് നടത്തിവരുന്നത്. എല്ലാകുട്ടികൾക്കും നിർഭയം ഭാഷ സംസാരിക്കാനും കേട്ട് ആസ്വദിക്കാനും അവസരം നൽകുന്നു. കേരളത്തിലെത്തുന്ന വിദേശികളുമായി ഇടയ്ക്കിടെ കുട്ടികൾക്ക് അഭിമുഖം സംഘടിപ്പിക്കുന്നുണ്ട്.

കുട്ടികളുടെ അധിക വായനക്കുതകുന്ന തരത്തിൽ ഇംഗ്ലീഷ് ഉൾപ്പെടെ മൂന്ന് വ്യത്യസ്ത ദിനപത്രങ്ങളുടെ എട്ട് വീതം കോപ്പികൾ ക്ലാസുകളിൽ ലഭ്യമാക്കുന്നുണ്ട്. 'അന്വേഷിക്കാം കണ്ടെത്താം' എന്ന പരിപാടിയുടെ ഭാഗമായി പൊതുവിജ്ഞാനവുമായി ബന്ധപ്പെട്ട് ഏതാനും ചോദ്യങ്ങൾ അധ്യാപകർ ദിവസവും ബോർഡിൽ എഴുതിയിടുന്നു. മൂന്നും നാലും ക്ലാസിലെ മുഴുവൻ കുട്ടികളും ഇവ എഴുതി എടുത്ത് ഉത്തരങ്ങൾ അന്വേഷിച്ച് കണ്ടെത്തുന്നു. അടുത്ത ദിവസത്തെ അസംബ്ലിയിൽ ഇവ ചോദിക്കുകയും ശരിയുത്തരം നൽകുന്ന കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ക്രിസ്മസ്, ഓണം, റമദാൻ, വിഷു തുടങ്ങിയ ആഘോഷവേളകളിൽ ആശംസാകാർഡുകളുണ്ടാക്കി കുട്ടികൾ പരസ്പരം കൈമാറും. വ്യത്യസ്ത ആശംസ വാക്യങ്ങൾ എഴുതി എടുക്കാൻ എല്ലാവർക്കും അവസരം നൽകുന്നതിലൂടെ കുട്ടികൾക്ക് ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ പ്രാവീണ്യവും വർധിക്കുന്നു.

2017 ഡിസംബർ 27ന് വ്യത്യസ്തമായി നടത്തിയ ക്രിസ്മസ് ആഘോഷം പ്രമുഖ വാർത്ത ചാനലുകളിലും പത്രമാധ്യമങ്ങളിലും ഇടം പിടിച്ചിരുന്നു. ആഴ്ചയിൽ ഒരു ദിവസം അസംബ്ലിയിൽ ശാസ്ത്രപരീക്ഷണം നടത്താൻ കുട്ടികൾക്ക് അവസരം ലഭിക്കുന്നതിലൂടെ ശാസ്ത്രാഭിരുചിയും വളരുന്നു. ഇംഗ്ലീഷ് ഫെസ്റ്റ് മലയാളം ഫെസ്റ്റ്, ഗണിത മേള, ശാസ്ത്ര പ്രദർശനം തുടങ്ങിയവ കുട്ടികൾക്ക് ഭാഷാവബോധം രൂപപ്പെടുത്തുന്നതിനും ഗണിതാശയങ്ങൾ ബോധ്യപ്പെടുത്തുന്നതിനും ശാസ്ത്രാഭിരുചി വർധിപ്പിക്കുന്നതിനും സഹായകമാണ്. രക്ഷാകർത്താക്കളെ കൂടി സ്കൂളിൻെറ പ്രവർത്തനങ്ങളുമായി ചേർത്തു നിർത്തുന്നതിന് ഈ പരിപാടികൾ വലിയ പങ്ക് വഹിക്കുന്നു. സബ്ജില്ല തലത്തിൽ നടക്കുന്ന കലാമേളയിൽ എല്ലാ ഇനങ്ങളിലും കുട്ടികൾ മികച്ച വിജയം നേടാറുണ്ട്. കഴിഞ്ഞ എട്ട് വർഷമായി അറബി കലാമേളയിൽ ലഭിക്കുന്ന ഓവറോൾ ചാമ്പ്യൻഷിപ് അഭിമാനമാണ്.

ശാസ്ത്ര -ഗണിത -പ്രവൃത്തി പരിചയമേളകളിൽ അഭിവാജ്യ ഘടകമാണ് നമ്മുടെ വിദ്യാർഥികൾ. എല്ലാ ഇനങ്ങളിലും കുട്ടികളെ പങ്കെടുപ്പിച്ച് മികച്ച വിജയം നേടുന്നു. ക്ലാസ് റൂം പ്രവർത്തനങ്ങൾ തന്നെയാണ് ഇതിനൊക്കെ അടിസ്ഥാനമെന്ന് സധൈര്യം പറയാം. എൽ.കെ.ജി. മുതൽ നാലാം ക്ലാസ്വരെയുള്ള വിദ്യാർഥികളുടെ സർഗ സൃഷ്ടികൾ ഉൾപ്പെടുത്തി മലയാളത്തിലും ഇംഗ്ലീഷിലും അറബിയിലും കൈയെഴുത്ത് മാസികകൾ ഓരോ വർഷവും പുറത്തിറക്കുന്നുണ്ട്.



പ്രാദേശികമായി കണ്ടെത്താൻ കഴിയുന്ന വിദഗ്ധരുടെ സാന്നിധ്യം ഉറപ്പാക്കി അസംബ്ലിയിൽ കുട്ടികളുടെ വിവിധ പരിപാടികളോടു കൂടി വിവിധ ദിനാചരണങ്ങൾ നടത്തിവരുന്നു. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കാൻ വിദ്യാഭ്യാസ വകുപ്പും എസ്.എസ്. എയും നിർദേശിച്ചിട്ടുള്ള മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ് എന്നിവയും നല്ല നിലയിൽ നടക്കുന്നു.

ക്ലാസ് റൂം ലൈബ്രറി പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നു. ലഭ്യമായിട്ടുള്ള ആധുനിക സാങ്കേതിക വിദ്യകൾ ക്ലാസ് മുറികളിൽ പ്രയോജനപ്പെടുത്തുന്നതിൽ അധ്യാപകർ ശ്രദ്ധിക്കുന്നുണ്ട്. കുട്ടികൾക്ക് നല്ല സിനിമകൾ കാണുവാനും ഭാഷാപരമായ കഴിവുകൾ ആർജിക്കുവാനും അവസരം ലഭിക്കുന്നു. പരമാവധി ചരിത്ര സ്മാരകങ്ങൾ സന്ദർശിക്കാൻ അവസരം ഒരുക്കിക്കൊണ്ട് മൂന്ന്, നാല് ക്ലാസുകളിലെ കുട്ടികൾക്കായി എല്ലാ വർഷവും പഠനയാത്രകൾ സംഘടിപ്പിക്കുന്നുണ്ട്. എല്ലാ വർഷവും വാർഷികാഘോഷ പരിപാടിയിൽ മികച്ച രീതിയിൽ സംഘടിപ്പിക്കാറുണ്ട്. മുഴുവൻ കുട്ടികൾക്കും അവരുടെ കലാപരവും സാഹിത്യപരവുമായ കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം നൽകുന്നു. ഈ പരിപാടിയിൽ മുഴുവൻ രക്ഷാകർത്താക്കളുടെയും സാന്നിധ്യവും സഹകരണവും ഉറപ്പുവരുത്താറുണ്ട്.

ആദരണീയനായ അമ്പലപ്പുഴയുടെ ജനപ്രതിനിധിയും പൊതുമരാമത്ത് വകുപ്പ് മന്ത്രിയുമായ ജി.സുധാകരൻ, പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത്, വിദ്യാഭ്യാസ വകുപ്പ്, എസ്.എസ്.എ തുടങ്ങിയവർ നൽകുന്ന ആത്മാർഥമായ പിന്തുണയും പ്രോത്സാഹനവുമാണ് വിദ്യാലയത്തിൻെറ മുന്നോട്ടുള്ള പ്രയാണത്തിന് ശക്തിയും ഓജസ്സുമാവുന്നത്. ഒരു നാട്ടുകാരനായി, വിദ്യാർഥിയായി, അഭ്യുദയകാംഷിയായി, കാലങ്ങളോളം അധ്യാപകനായി, ഇപ്പോൾ പ്രഥമാധ്യാപകനായി സ്കൂളിനൊപ്പം ജീവിക്കുമ്പോൾ അത്യധികമായ ആനന്ദവും അഭിമാനവും ആദരവും അതിലേറെ അതിശയവുമാണ് മനസ്സിൽ നിറയുന്നത്.



*എസ്.സി .ആർ.ടി അക്കാദമിക് ഡോക്യുമെൻേറഷൻ സർട്ടിഫിക്കറ്റ് വിദ്യാഭ്യാസ മന്ത്രി പ്രഫ. സി. രവീന്ദ്രനാഥിൽനിന്ന് ഹെഡ്മാസ്റ്റർ എം.എം. അഹമ്മദ് കബീറും എസ്.എം.സി ചെയർമാൻ ടി. പ്രശാന്ത്കുമാറും ചേർന്ന് ഏറ്റുവാങ്ങുന്നു. മന്ത്രി ജി. സുധാകരൻ സമീപം*

## മികച്ച സ്കൂൾ മാനേജ്മെൻറ് കമ്മിറ്റിക്കുള്ള 2019 - 20 പുരസ്കാരം പുന്നപ്ര ജെ.ബി സ്കൂളിന്

**ആ**ലപ്പുഴ സബ് ജില്ലയിലെ മികച്ച സ്കൂൾ മാനേജ്മെൻറ് കമ്മിറ്റിക്കുള്ള 2019 -'20 പുരസ്കാരം പുന്നപ്ര ഗവ.ജൂനിയർ ബേസിക് സ്കൂളിന് ലഭിച്ചു. കഴിഞ്ഞ വർഷം സ്കൂളിൻെറ അക്കാദമികവും ഭൗതികവുമായ പുരോഗതിക്കായി നടത്തിയ പ്രവർത്തനങ്ങളാണ് അവാർഡിന് അർഹമാക്കിയത്.

സ്കൂളിൻെറ ദൈനംദിന പ്രവർത്തനങ്ങളെ മികച്ച നിലയിൽ മുന്നോട്ട് കൊണ്ടു പോകുന്നതിന് ഒപ്പം നിൽക്കുന്ന എസ്.എം.സിയാണ് ഈ വിദ്യാലയത്തിനുള്ളത്. എസ്.സി.ആർ.ടി.യുടെ അക്കാദമിക് ഡോക്യുമെൻേറഷൻ പുരസ്കാരം, സ്വന്തമായി കമ്പ്യൂട്ടർ ലാബ്, പച്ചക്കറി കൃഷി, എം.എൽ.എ ഫണ്ട്, പഞ്ചായത്ത് ഫണ്ട് തുടങ്ങിയവ സ്കൂളിന് ലഭ്യമാക്കൽ തുടങ്ങി നിരവധി നേട്ടങ്ങൾ ആർജിക്കാൻ മാനേജ്മെൻറ് കമ്മിറ്റിക്ക് സാധിച്ചു.വിദ്യാർഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്താനും കലാകായിക രംഗത്തും പാഠ്യേതര പ്രവർത്തനങ്ങളിൽ മികവാർന്ന പ്രകടനം കാഴ്ച വെക്കാനുമായി.

## എനിക്ക് അറിവിന്റെ ആദ്യാക്ഷരങ്ങൾ പകർന്നു തന്ന എന്റെ വിദ്യാലയം ഇന്ന് ഏറെ ഉയരങ്ങളിലാണ്...

സ്കൂളിന്റെ പുരോഗതിക്ക്
എല്ലാ പിന്തുണയും നൽകുന്ന
പ്രിയപ്പെട്ട ജി സുധാകരൻ സാറിനും ,
കുരുന്ന് ഹൃദയങ്ങളെ നല്ല ചിന്തകളിലേക്ക്
നയിക്കുന്ന അധ്യാപകർക്കും ,
നന്നായി പ്രവർത്തിക്കുന്ന
എസ്.എം.സിക്കും
എന്റെ ഹൃദയാശംസകൾ നേരുന്നു.



**മൻസൂർ എം മാക്കിയിൽ**
യു.എസ്.എ
(പൂർവ്വ വിദ്യാർത്ഥി)

## മികച്ച നേതൃത്വവുമായി സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി

**ഒരു** വിദ്യാലയത്തെ അക്കാദമികവും ഭൗതികവുമായ നേട്ടങ്ങളിലേക്ക് നയിക്കുന്നതിൽ നിസ്തുല സംഭാവനയാണ് സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി നൽകുന്നത്. അധ്യാപകരും സ്കൂൾ മാനേജ്മെൻറ് കമ്മിറ്റിയും തമ്മിലുള്ള ശക്തമായ ഐക്യബോധമാണ് പുന്നപ്ര ഗവ. ജൂനിയർ ബേസിക് സ്കൂളിൻെറ വിജയരഹസ്യം. അക്കാദമിക പ്രവർത്തനങ്ങൾക്ക് അധ്യാപകർക്ക് സർവ പിന്തുണയും നൽകുന്നു. പ്രധാന ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നതിൽ മാനേജ്മെൻറ് കമ്മിറ്റി സ്വീകരിക്കുന്ന ദിശാപൂർണമായ പ്രവർത്തനങ്ങൾ മാതൃകപരമാണ്. അവയെല്ലാം കൃത്യമായി മാധ്യമങ്ങളുടെ ശ്രദ്ധയിലെത്തിക്കുകയും ചെയ്യുന്നതിൽ എസ്.എം.സി പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുമുണ്ട്. ഉച്ചഭക്ഷണ പദ്ധതി കമ്മിറ്റിയുടെ നേതൃത്വത്തിൽ മാതൃകപരമായാണ് നടത്തുന്നത്.

### സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി

**ടി. പ്രശാന്ത്കുമാർ**
(ചെയർമാൻ)
**എം.എം. അഹമ്മദ് കബീർ**
(എച്ച്.എം ആൻഡ് കൺവീനർ)
**ആർ. രജികുമാർ**
(വൈസ് ചെയർമാൻ)
**എം. ഷീജ**
(ഗ്രാമപഞ്ചായത്ത് അംഗം)

**അംഗങ്ങൾ**
എ. നൗഫൽ, സുധീർ പുന്നപ്ര,
അഗസ്റ്റിൻ മൈക്കിൾ, എൻ. പ്രകാശ്,
എ. കോയ, ആർ. ഷാജിമോൻ, ജെ. ഷീബ,
താരാ വിനയകുമാർ, ജെ. സുമയ്യ, ജയശ്രീ ശ്രീകുമാർ,
കെ. നൗസി, വി. നിജിമ, ആർ. അജിത, കെ. രജനി,
റസീന മാഹീൻ.

**മദർ പി.ടി.എ**
ദലീമ ജോസഫ് (ചെയർപേഴ്സൻ)
കെ.ബി. ഷിബിന, സി. രമ്യ, ഹരീഷ്മ,
സജിന സുധീർ, എൻ. നസ്‌ല








ജിഡി കണിയാർ പ്രതിഭാ പുരസ്കാരം വിദ്യാഭ്യാസ മന്ത്രി പ്രഫ. സി. രവീന്ദ്രനാഥ്, പൊതുമരാമത്ത് രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ജി സുധാകരന് സമ്മാനിക്കുന്നു

# പുരസ്കാര നിറവിൽ മന്ത്രി ജി. സുധാകരൻ

മാതൃകാ അധ്യാപകനും മികച്ച സഹകാരിയും സാമൂഹിക രാഷ്ട്രീയ പ്രവർത്തകനുമായിരുന്ന ജി. ദാമോദരക്കണിയാർ കാൽനൂറ്റാണ്ടു കാലത്തോളം പുന്നപ്ര ഗവ ജെ.ബി സ്കൂൾ അധ്യാപകനായിരുന്നു. പുന്നപ്രയുടെ സാസ്കാരിക സാമൂഹിക രംഗത്ത് തിളക്കമാർന്ന സംഭാവനകൾ നൽകിയ അദ്ദേഹം കമ്മ്യൂണിസ്റ്റ് മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചു. പുന്നപ്ര ഫൈൻ ആർട്സ് സൊസൈറ്റിയുടെ ആദ്യ ജനറൽ സെക്രട്ടറിയായിരുന്നു. പുന്നപ്രയിലെ ക്ഷീരകർഷകരെ സംഘടിപ്പിച്ച് പാൽ സൊസൈറ്റിക്ക് തുടക്കമിടുന്നത് അദ്ദേഹമാണ്.



ജി.ഡി. കണിയാർ

വിദ്യാഭ്യാസരംഗത്ത് ഇന്നുകാണുന്ന പുരോഗതിയൊന്നും ദൃശ്യമാകാതിരുന്ന അക്കാലത്തും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൻെറ പ്രാധാന്യം മനസ്സിലാക്കി കുട്ടികൾക്ക് അത് പകർന്നു നൽകുന്നതിന് കണിയാർ സാർ ബദ്ധശ്രദ്ധനായിരുന്നു. 1990ലാണ് അദ്ദേഹം പുന്നപ്ര ഗവ.ജെബി സ്കൂളിൽനിന്നും വിരമിക്കുന്നത്. ദീർഘവീക്ഷണമുള്ള ആ മാതൃക അധ്യാപകൻ 2002ൽ ഇഹലോകവാസം വെടിഞ്ഞു.

അദ്ദേഹത്തിൻെറ ഓർമകൾ നിലനിർത്താൻ പുന്നപ്ര ഗവ ജെ.ബി സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി ഏർപ്പെടുത്തിയതാണ് ജി.ഡി കണിയാർ പുരസ്കാരം. ഈട്ടിത്തടിയിൽ തീർത്ത ശിൽപവും പ്രശസ്തിപത്രവും 10001 രൂപയുമുൾപ്പെട്ടതാണ് പുരസ്കാരം. ആലപ്പുഴയുടെ വിദ്യാഭ്യാസപുരോഗതിക്കും വികസനത്തിനും നൽകിയ സമഗ്ര സംഭാവനകളാണ് പുരസ്കാരത്തിന് മാനദണ്ഡമാക്കിയത്.

പൊതുമരാമത്ത് രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയും അമ്പലപ്പുഴ എം.എൽ.എയുമായ ജി. സുധാകരനെയാണ് പ്രഥമ പുരസ്കാരത്തിന് തെരഞ്ഞെടുത്തത്. കേരള സർവകലാശാലാ സിൻഡിക്കേറ്റ് അംഗമായ കാലം മുതൽ ആലപ്പുഴയുടെ വിദ്യാഭ്യാസ പുരോഗതിക്ക് നിസ്തുല സംഭാവനകളാണ് സുധാകരൻ നൽകുന്നത്. ആര്യാട് ബി.എഡ് സെൻറർ, കേരളസർവകലാശാലാ ഇൻഫർമേഷൻ സെൻറർ,ആലപ്പുഴ ജില്ലയിലെ വിവിധ കോളജുകളിൽ ഉന്നത കോഴ്സുകൾ തുടങ്ങിയവ ഇതിനുദാഹരണമാണ്.

അമ്പലപ്പുഴയുടെ ജനപ്രതിനിധിയായശേഷം സമാനതകളില്ലാത്ത നേട്ടങ്ങളിലേക്കാണ് പൊതുവിദ്യാഭ്യാസ, പ്രഫഷനൽ വിദ്യാഭ്യാസ മേഖലയെ അദ്ദേഹം നയിക്കുന്നത്. കാടുപിടിച്ച് കിടന്ന കേരള സ്കൂട്ടേഴ്സ് ഫാക്ടറി പരിസരം ഇന്ന് അക്ഷര നഗരിയാണ്. അവിടെ എൻജിനീയറിങ് പഠനത്തിനും മാനേജ്മെൻറ് പഠനത്തിനുമുള്ള മികച്ച പഠനകേന്ദ്രങ്ങൾ സഹകരണ മേഖലയുടെ സഹായത്തോടെ പടുത്തുയർത്തിയിരിക്കുന്നു. ഗ്രാമീണ ജനതക്ക് മികച്ച ചികിത്സ സൗകര്യം ലഭിക്കുന്നതിനായി സഹകരണ ആശുപത്രിയും അവിടെ ആരംഭിച്ചിട്ടുണ്ട്.

അമ്പലപ്പുഴയുടെ ചിരകാല സ്വപ്നമായ ഗവ. കോളജും സുധാകരൻ മുൻ കൈയെടുത്ത് ആരംഭിച്ചതാണ്. ഭൗതിക സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് അദ്ദേഹം നൽകുന്ന പിന്തുണ പൊതുവിദ്യാലയങ്ങളുടെ മുഖഛായതന്നെ മാറ്റി. സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങളും കമ്പ്യൂട്ടറുകളും സ്കൂൾ വാഹനങ്ങളും അനുവദിച്ചു. ആധുനികവത്കരിക്കപ്പെട്ട പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർധിച്ചു. 2020 മാർച്ച് ഗവ. ജൂനിയർ ബേസിക് സ്കൂളിൽ നടന്ന ചടങ്ങിൽ പൊതുവിദ്യാഭ്യാസ മന്ത്രി പ്രഫ സി.രവീന്ദ്രനാഥാണ് മന്ത്രി ജി. സുധാകരന് അർഹതക്കുള്ള അംഗീകാരമായ പുരസ്കാരം സമർപ്പിച്ചത്.

## പഠനാന്തരീക്ഷം മെച്ചപ്പെടുത്തി ജി.ഡി. കണിയാർ ഇടം

ജി.ഡി. കണിയാർ സാറിൻെറ ഓർമക്കായി കുടുംബം നവീകരിച്ച രണ്ട് ക്ലാസ് മുറികൾ വിദ്യാഭ്യാസ മന്ത്രി പ്രഫ സി.രവീന്ദ്രനാഥും, പൊതുമരാമത്ത് മന്ത്രി ജി.സുധാകരനും ചേർന്നാണ് ഉദ്ഘാടനം ചെയ്തത്. ജി.ഡി.കണിയാർ പ്രതിഭാ പുരസ്കാര ദാന ചടങ്ങിനോടനുബന്ധിച്ചാണ് ഇത് തുറന്ന് കൊടുത്തത്. രണ്ട് ലക്ഷം രൂപ ചെലവഴിച്ച് രണ്ട് ക്ലാസ് മുറികൾ ടൈൽ പാകി നവീകരിക്കുകയും ആധുനിക ഇരിപ്പിടങ്ങൾ സജ്ജീകരിക്കുകയും ചെയ്തു.കുട്ടികളുടെ പഠന നിലവാരം കൂടുതൽ മെച്ചപ്പെടുത്താൻ ഈ ഇടം വഴിയൊരുക്കുമെന്ന കാര്യത്തിൽ സംശയമില്ല.



പുന്നപ്ര ഗവ. ജെ.ബി സ്കൂളിൽ മാതൃഭാഷാ ദിനത്തിൽ കലാമണ്ഡലം ഗണേശൻെറ കഥകളി അവതരണം






വായനാ പക്ഷാചരണം 2019ൻെറ ഭാഗമായി 3, 4 ക്ലാസുകളിലെ കുട്ടികൾ തയാറാക്കിയത്




ലോക തപാൽ ദിനത്തിൽ വയലാർ അവാർഡ് ജേതാവ് കെ.വി. മോഹൻകുമാറിന് (മുൻ ഡി.പി.ഐ) ആശംസാ കാർഡ് അയക്കുന്നു












സ്കൂളിൽ സംഘടിപ്പിച്ച വിവിധ പരിപാടികളുടെ ദൃശ്യങ്ങൾ



### അധ്യാപകരും സ്കൂൾ ജീവനക്കാരും

*അഹമ്മദ് കബീർ. എം.എം. (ഹെഡ്മാസ്റ്റർ), അമ്പിളി ശ്രീനിവാസ്, സാജിത വൈ., രാജി എൻ.കെ., ഷീബ ജെ., ഷീബ എസ്., ജാസ്മി വി.ഇ., ജോമി ജോൺസൺ, ജിഷ അമ്പികേശ്, നിയാസ് എസ്., പ്രീതി യു.ബി., ഷീബമോൾ, ഷെജീനമോൾ എസ്., അനില ആർ., ബെറ്റ്സി ഫ്രാൻസിസ്, റഹിയാനത്ത് എ. (അറബിക്), രജിയ മോഹനൻ (അറബിക്).*

**പ്രീപ്രൈമറി:** തസ്മില എസ്., സജിത എസ്., വിചിത്ര എൽ., മഞ്ചു സി.എസ്., സവിത കെ. (കമ്പ്യൂട്ടർ)

**ജീവനക്കാർ:** ശോഭന സി.പി., ഷംല എച്ച്., സേതുമോൾ എം., അജിത എ.

## 2019-20 ൽ എൽ.എസ്.എസ് സ്കോളർഷിപ്പ് നേടിയ കുട്ടികൾ



ഫിദ ഫാത്തിമ



നബീൽ.എൻ



നസ്റിയ സുബൈർ



ദേവിക.എം



അബാൻ അഹമ്മദ്



സൽമാനുൽ ഫാരിസ്.എസ്

"Well Wisher"

ആലപ്പുഴ ഗവ: സർവ്വൻ്റ്സ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ എ. 208 ആലപ്പുഴ -1

കളക്ട്രേറ്റ് ജംഗ്ഷൻ,ആലപ്പുഴ - 1 ,ഫോൺ: 2262165,2952165., Email:alpygscb@gmail.com Website : www.gscbalpy.com

ബ്രാഞ്ച് : നീർക്കുന്നം ഫോൺ : 2282165, നീതി മെഡിക്കൽ സ്റ്റോർ,വണ്ടാനം. ഫോൺ : 2282155



ആലപ്പുഴ ജില്ലയിലെ
ഏറ്റവും മികച്ച ക്ലാസ്സ് 1 സൂപ്പർ ഗ്രേഡ്
എംപ്ലോയീസ് സഹകരണ ബാങ്ക്.

ഉടൻ ആരംഭിക്കുന്ന അക്ഷയ നിധികൾ.
10000 x 50 = 5,00,000
6000 x 50 = 3,00,000
സ്വർണ്ണപ്പണയ വായ്പ 8.5% നിരക്കിൽ.

നിങ്ങളുടെ മിച്ചം
ഞങ്ങളിൽ സുരക്ഷിതം

നീതി മെഡിക്കൽ സ്റ്റോർ
വണ്ടാനം, ഫോൺ : 2282155
ജീവൻ രക്ഷാ മരുന്നുകൾ ഇവിടെ നിന്നും
മിതമായ നിരക്കിൽ ലഭ്യമാണ്.

എൻ.അരുൺകുമാർ (പ്രസിഡൻ്റ്) 9446092290 എസ് പ്രദീപ് (വൈസ് പ്രസിഡൻ്റ് ) 9446335160 ആർ ശ്രീകുമാർ (സെക്രട്ടറി) 9656995464

പുന്നപ്ര ഗവ. ജെ.ബി സ്കൂൾ
Govt. JBS
Punnapra.P.O, Alappuzha.
കെട്ടിട നിർമാണോദ്ഘാടന സപ്ലിമെൻറ്



# പുന്നപ്രയുടെ തിലകക്കുറി



**സ്വാ**തന്ത്ര്യ സമര ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട ജ്വലിക്കുന്ന ഓർമകൾ പേറുന്ന ഗ്രാമമാണ് പുന്നപ്ര. ഈ ഗ്രാമത്തിന് തിലകക്കുറിയായ് പ്രശോഭിക്കുകയാണ് ഗവ. ജൂനിയർ ബേസിക് സ്കൂൾ എന്ന ജെ.ബി സ്കൂൾ. 113 വർഷങ്ങൾക്ക് മുമ്പ് കുമ്പളത്താക്കൽ കുടുംബം സർക്കാറിന് സംഭാവനയായി നൽകിയ സ്ഥലത്തും കെട്ടിടത്തിലുമാണ് വിദ്യാലയം പ്രവർത്തനം ആരംഭിച്ചത്.

പിൽക്കാലത്ത് വിദ്യാലയ വികസനത്തിൻെറ ഭാഗമായി സർക്കാർ ഏറ്റെടുത്ത സ്ഥലവും കൂടി ചേർത്ത് ഇപ്പോൾ 1.18 ഏക്കറിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. ആരംഭകാലത്ത് ഒന്ന് മുതൽ അഞ്ചുവരെ ക്ലാസുകൾ ഇവിടെ പ്രവർത്തിച്ചിരുന്നു.

സ്വാതന്ത്ര്യാനന്തരം രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ വിദ്യാഭ്യാസ സങ്കൽപത്തിനനുസരിച്ച് തൊഴിലധിഷ്ഠിത പരിശീലനം വന്നതോടെ വിദ്യാലയത്തിന് ഏറെ പ്രാധാന്യം കൈവന്നു. കുളത്തൂർ അയ്യരാണ് ആദ്യത്തെ പ്രഥമാധ്യാപകൻ.

പൂർവ വിദ്യാർഥിയും കാൽനൂറ്റാണ്ടിലധികം ഈ വിദ്യാലയത്തിൽ അധ്യാപകനുമായിരുന്ന എം.എം. അഹമ്മദ് കബീർ ആണ് ഇന്ന് പ്രഥമാധ്യാപകൻ. പ്രമുഖ പണ്ഡിതനും വാഗ്മിയുമായിരുന്ന പി.കെ. ഹസൻബാവ, സാമൂഹിക പ്രവർത്തകനായിരുന്ന ജി.ഡി കണിയാർ തുടങ്ങിയവർ ഇവിടെ അധ്യാപകരായിരുന്നു.

മുൻ എം.എൽ.എമാരായ വി.ദിനകരൻ, എ.വി താമരാക്ഷൻ, സ്വാതന്ത്ര്യ സമര സേനാനികളായ എച്ച്.കെ ചക്രപാണി, പള്ളിപ്പറമ്പിൽ പത്മനാഭൻ, രാജ്യാന്തര കായിക താരമായിരുന്ന മുരളിക്കുട്ടൻ, പ്രശസ്ത സിനിമ സംവിധായകൻ അനിൽ, സിനിമ നിർമാതാവ് ജയൻ മുളങ്ങാട്, നാടകനടനും കുടുംബശ്രീ മിഷൻ ജില്ല കോഓഡിനേറ്ററുമായിരുന്ന അലിയാർ പുന്നപ്ര, പുന്നപ്ര യു.പി.സ്കൂൾ പ്രഥമാധ്യാപകനായിരുന്ന കെ.പ്രസന്നകുമാർ, വ്യവസായ പ്രമുഖനും മുസ്ലിം ലീഗ് ജില്ല ട്രഷററുമായ കമാൽ. എം മാക്കിയിൽ, മാധ്യമപ്രവർത്തകൻ ക്ലീറ്റസ് കളത്തിൽ, പാലിയേറ്റിവ് കെയർ രംഗത്ത് പ്രവർത്തിക്കുന്ന സലിം മുസ്തഫ, കോൺഗ്രസ് നേതാവ് കെ.ആർ. ഗോപാലകൃഷ്ണൻ, പുന്നപ്ര പഞ്ചായത്ത് പ്രസിഡൻറായിരുന്ന എട്ടിൽതങ്കപ്പൻ, യുവ എഴുത്തുകാരൻ ഷമീർ പട്ടരുമഠം തുടങ്ങി ജീവിതത്തിൻെറ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഒട്ടേറെ പേർക്ക് ആദ്യക്ഷരം പകർന്നു നൽകിയത് പുന്നപ്രയിലെ ഈ വിദ്യാലയമാണ്.

> ● കുളത്തൂർ അയ്യരാണ് ആദ്യത്തെ പ്രഥമാധ്യാപകൻ. പൂർവ വിദ്യാർഥിയും കാൽനൂറ്റാണ്ടിലധികം ഈ വിദ്യാലയത്തിൽ അധ്യാപകനുമായിരുന്ന എം.എം. അഹമ്മദ് കബീർ ആണ് ഇന്ന് പ്രഥമാധ്യാപകൻ. പ്രമുഖ പണ്ഡിതനും വാഗ്മിയുമായിരുന്ന പി.കെ. ഹസൻബാവ. സാമൂഹിക പ്രവർത്തകനായിരുന്ന ജി.ഡി കണിയാർ തുടങ്ങിയവർ ഇവിടെ അധ്യാപകരായിരുന്നു.

**ലോ**കത്തിന് തന്നെ മാതൃകയായി നിലകൊള്ളുന്ന കേരളത്തിലെ സാമൂഹിക വികസനത്തിൽ സുപ്രധാന പങ്ക് വഹിച്ച് പോരുന്നത് മുഖ്യമായും മതനിരപേക്ഷ ജനാധിപത്യ വിദ്യാഭ്യാസമെന്ന തനത് വിദ്യാഭ്യാസ സമ്പ്രദായമാണ്. നവോത്ഥാന കേരളത്തെ കെട്ടിപ്പടുത്ത ഭൂപരിഷ്കരണ- വിദ്യാഭ്യാസ ബില്ലുകൾ നടപ്പാക്കിയ വിപ്ലവകരമായ നിയമനിർമാണങ്ങളുടെ തുടർച്ചയായിട്ടാണ് പൊതുവിദ്യാഭ്യാസം എന്ന ആശയം പ്രാവർത്തികമായത്. ഏറെ ചർച്ച ചെയ്യപ്പെട്ട കേരള മോഡലിന് കഴിഞ്ഞ കാലങ്ങളിൽ വന്ന അപചയത്തെ കൃത്യമായി തിരിച്ചറിഞ്ഞ് ഗതകാല പ്രതാപം വീണ്ടെടുക്കാൻ സർക്കാർ നടത്തിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വൻ വിജയമായി. മെഡിക്കൽ വിദ്യാഭ്യാസ പ്രവേശന പരീക്ഷ അടക്കമുള്ള അഖിലേന്ത്യാ മത്സര പരീക്ഷകളിൽ അതിൻെറ തെളിവുകൾ നാം കണ്ടു. വരാനിരിക്കുന്ന പരീക്ഷകളിലും ഇത് പ്രകടമാകുമെന്നതിൽ സംശയമില്ല. ജനകീയ സമിതികളുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങളിലൂടെ ഹൈടെക് ക്ലാസ് മുറികൾ അടക്കം ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ കഴിഞ്ഞതിന് പുറമെ ഗുണനിലവാരമുള്ള അധ്യാപനവും ചേർന്നപ്പോഴാണ് ഒത്ത് പിടിച്ചാൽ പോരാത്ത മലയില്ലെന്ന കാര്യം ഏവർക്കും ബോധ്യമായത്.



കുട്ടികൾ ചന്ദ്രദിനത്തോടനുബന്ധിച്ച് എഴുതിയ കവിതകളുടെ പ്രകാശനം

## ജെ.ബി സ്കൂൾ നാടിൻെറ അഭിമാന വിദ്യാലയം



**സുധർമ ഭുവനചന്ദ്രൻ**
പ്രസിഡൻറ്, പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്ത്

**പു**ന്നപ്ര തെക്ക് പഞ്ചായത്തിൻെറ അഭിമാന വിദ്യാലയമാണ് പുന്നപ്ര ഗവ. ജെ.ബി സ്കൂൾ. ശതാബ്ദി പിന്നിടുന്ന ഈ വിദ്യാലയം പഠന കാര്യത്തിലും പഠനേതര വിഷയങ്ങളിലും ഒന്നാമതാണ്. കുട്ടികൾ വർധിക്കുന്നതനുസരിച്ച് സ്കൂളിൻെറ ഭൗതിക സാഹചര്യങ്ങളും വളരേണ്ടതുണ്ട്. ഇതിനാവശ്യമായ എല്ലാ പിന്തുണയും പഞ്ചായത്ത് നൽകുന്നുണ്ട്. രണ്ട് പുതിയ ക്ലാസ് മുറികൾ നിർമിക്കുന്നതിന് 22 ലക്ഷം രൂപ മൂന്നു ഘട്ടമായി അനുവദിച്ചു. ഇതിൻെറ നിർമാണം പൂർത്തീകരിച്ച് വരുന്നു. സ്കൂൾ കെട്ടിടം പഞ്ചായത്ത് ഫണ്ടുപയോഗിച്ച് പെയിൻറ് ചെയ്ത് മനോഹരമാക്കി. ഒരു ക്ലാസ്മുറി പൂർണമായി ഡിജിറ്റലൈസ് ചെയ്തു. കെ.ജി. കുട്ടികൾക്ക് കളിയുപകരണങ്ങൾ വാങ്ങി നൽകി.

അമ്പലപ്പുഴയുടെ വികസന നായകൻ പൊതുമരാമത്ത് മന്ത്രി ജി.സുധാകരൻ സാർ ഈ വിദ്യാലയത്തിൻെറ വികസനത്തിന് എക്കാലവും പിന്തുണ നൽകിയിട്ടുണ്ട്.

അദ്ദേഹം നേരത്തേ സ്കൂളിന് ഒരു വാഹനം വാങ്ങിത്തരികയും വിവിധ സർക്കാർ പദ്ധതികൾ വഴി സ്കൂളിന് കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കിത്തരികയും ചെയ്തിട്ടുണ്ട്. ഇപ്പോൾ വീണ്ടും സ്കൂളിൻെറ കെട്ടിട നിർമാണത്തിന് ഒരു കോടി രൂപ അനുവദിക്കുകയും സ്കൂളിന് പുതിയ ബസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

സമാനതകളില്ലാത്ത വികസന പുരോഗതിയിലേക്ക് നാടിനെ നയിക്കുന്ന ജി. സുധാകരൻ സാറിനെ പുന്നപ്ര തെക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ആശംസകൾ നേരുന്നു.

classifieds
മാധ്യമം
ക്ലാസിഫൈഡ്സ്
ബുധൻ, വെള്ളി, ഞായർ ദിവസങ്ങളിൽ



ഉണ്ണി സിമൻറ് വർക്സ്
പുന്നപ്ര പി.ഒ., ആലപ്പുഴ -4
9567 748 101, 8943 461 177, 9809 725 585
ഇൻറർലോക്ക് ടൈലുകൾ
കിണർ, കക്കൂസ്, സ്ലാബ് മതിലുകൾ, കോൺക്രീറ്റ് തൂണുകൾ, വേലിത്തൂണുകൾ ചെടിച്ചട്ടികൾ, മുതലായവ ചെയ്തുകൊടുക്കപ്പെടും

സ്വാദിഷ്ടമായ ബിരിയാണി വിളമ്പാം... ഒപ്പം സ്നേഹവും



PAPPADIYIL SPCIES
Distributor of jaasmine Wada kolam, kaima rice ,1121 basmati rice.
Market Road, Kayamkulam
Ph:9526235523 9567696776

അമ്പലപ്പുഴയുടെ വികസന നായകൻ പ്രിയങ്കരനായ ജി സുധാകരൻ സാറിന് ഹൃദയാഭിവാദ്യങ്ങൾ നേരുന്നു.



സാദിഖ് എം മാക്കിയിൽ (സംസ്ഥാന കൗൺസിൽ അംഗം)
ജമാൽ പള്ളാത്തുരുത്തി (ജില്ലാ വൈസ് പ്രസിഡൻറ്)
മുജീബ് റഹ്മാൻ (നിയോജക മണ്ഡലം പ്രസിഡൻറ്)
ജനതാദൾ (എൽ.ജെ.ഡി) അമ്പലപ്പുഴനിയോജക മണ്ഡലം കമ്മറ്റി.

HONDA The Power of Dreams
ഷൈമാസ് ഹോണ്ടയിൽ
1* രൂപ ആദ്യതവണയിൽ ഹോണ്ട സ്ക്കൂട്ടറുകൾ ഉടൻ സ്വന്തമാക്കാം.




BOOK ONLINE NOW!
പരമാവധി കാലാവധി 42 മാസം
100% വായ്പ സൗകര്യം
ഉയർന്ന റീസെയിൽ വാല്യൂ
6 വർഷ വാറന്റി
CLICK BOOK RELAX
Paytm Cashback up to ₹2,500
5% ക്യാഷ്ബാക്ക്
*Conditions apply
Honda is HONDA
Kalarcode, Alappuzha 9946066444
Kottukulangara, Kayamkulam 8111818222